ഗവൺമെന്റ് പ്രസ്സുകളിൽ നടന്ന ക്രമക്കേടുകളെ കുറിച്ച് അന്വേഷണം

128 (4736) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് പ്രസ്സുകളിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെയും അഴിമതികളെയും പറ്റി ഫൈനാൻസ് ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) സ്പെഷ്യൽ സ്കാഡ് അന്വേഷിച്ചുവോ ;

(ബി) എങ്കിൽ ഈ അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടുകളും അഴിമതികളും കണ്ടെത്തി ;

(സി) ക്രമക്കേടുകൾക്ക് ആരെല്ലാമാണ് ഉത്തരവാദികളെന്നും അവരുടെ മേൽ എന്തു നടപടികളെടുത്തു എന്നും വ്യക്തമാക്കാമോ ;

(ഡി) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) അന്വേഷിച്ചു.

(ബി) 2001-ലെ കലണ്ടർ/ഡയറി അച്ചടി നമ്പറിംഗ് മെഷീൻ ആവശ്യത്തിലധികം വാങ്ങി. ആയത് മാർക്കറ്റ് വിലയേക്കാൾ കൂടുതലായിരുന്നു. ലോട്ടറി ടിക്കറ്റ്, സിവിൽ സപ്ലൈസിന്റെ ഫോറങ്ങൾ എന്നിവ അച്ചടിച്ചതിൽ അപാകത, മണ്ണന്തല പ്രസ്സിനോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സ് പണിയിലെ അപാകത, കൊല്ലം പ്രസ്സിന്റെ ഉദ്ഘാടനത്തിന് പണം ചെലവഴിച്ചത്, കളർ സ്കാനർ ഫിലിം വാങ്ങിയത് എന്നിവ സംബന്ധിച്ചുള്ളതാണ് ധനകാര്യ വകുപ്പിന്റെ കണ്ടെത്തലുകൾ.

(സി) ലോട്ടറി ടിക്കറ്റ്, സിവിൽ സപ്ലൈസിന്റെ ഫോറം, 20-11-1995-ലെ 1167 നമ്പർ അസാധാരണ ഗസറ്റ് അച്ചടി എന്നിവയിലെ ധനകാര്യ വകുപ്പിന്റെ കണ്ടെത്തലുകളിൽ ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് കൂടുതൽ അന്വേഷണം നടത്താൻ ധനകാര്യ വകുപ്പിനോടാവശ്യപ്പെട്ടിരിക്കുകയാണ്. മറ്റുള്ള ആരോപണങ്ങളിൽ വ്യക്തികളെയാരെയും ഉത്തരവാദികളായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാർ

129 (4737) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് പ്രവർത്തനം ആരംഭിച്ചിട്ട് എത്ര വർഷമായി ; ഇവിടെയുള്ള വിവിധ തസ്തികകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) ഈ പ്രസ്സ് നിലവിൽ വന്നതിനുശേഷം ജീവനക്കാരുടെ ഏതെല്ലാം നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; ഇതിൽ സ്ഥിരം, താല്കാലിക, അദർ ഡ്യൂട്ടി എന്നിങ്ങനെയുള്ള നിയമനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പ്രസ്സിൽ നിലവിൽ സ്ഥിരം ജീവനക്കാരുടെ തസ്തികകൾ നികത്താനുണ്ടോ ; എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സ് പ്രവർത്തനം ആരംഭിച്ചിട്ട് 19 വർഷം കഴിഞ്ഞു. ടി പ്രസ്സിൽ 35 തസ്തികകൾ അനുവദിക്കപ്പെട്ടതായുണ്ട്.

(ബി) അനുവദിക്കപ്പെട്ട തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ട്. ഇപ്പോൾ അഞ്ച് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. എല്ലാ നിയമനങ്ങളും പി.എസ്.സി. വഴിയാണ് നടത്തുന്നത്. താല്ക്കാലിക നിയമനം ഇപ്പോൾ ഇല്ല. പ്രസ്സിന്റെ സുഗമമായ പ്രവർത്തനത്തിന് 20 പേരെ അദർ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. രണ്ട് ലാസ്കർ തസ്തികയും രണ്ട് വാച്ച്മാൻ തസ്തികയും നികത്താൻ നടപടി സ്വീകരിച്ചുവരുന്നു. ഒരു കോപ്പി ഹോൾഡർ തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോഴിക്കോട് സർക്കാർ പ്രസ്സ് ജീവനക്കാർ

130 (4738) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർക്കാർ പ്രസ്സ് ആധുനിക സംവിധാനത്തിലുള്ള അച്ചടി യന്ത്രങ്ങൾ ഉപയോഗിച്ചാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) ആധുനിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം കിട്ടിയ ജീവനക്കാരാണോ ഇത്തരം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) പരിശീലനം ലഭിച്ച ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഏതെല്ലാം തരത്തിലുള്ള അച്ചടി ജോലികളാണ് ഈ പ്രസ്സിൽ നടന്നു വരുന്നത്. ഇനിയും കൂടുതൽ വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഴയതും ആധുനികവുമായ രണ്ട് സാങ്കേതിക വിദ്യയും കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ ഉപയോഗിച്ചുവരുന്നു.

(ബി) ആധുനിക യന്ത്രങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളവരാണ് ഈ ജോലി നിർവ്വഹിക്കുന്നത്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ടെക്സ്റ്റ് ബുക്കുകൾ, എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി തുടങ്ങിയവയ്ക്ക് ആവശ്യമായ ഉത്തരക്കടലാസുകൾ, മറ്റു വകുപ്പുകൾക്കാവശ്യമായ രജിസ്റ്ററുകൾ, ഫോറങ്ങൾ തുടങ്ങിയവ ഈ പ്രസ്സിൽനിന്നും അച്ചടിച്ച് നല്കുന്നു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly